## പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 512 | 19.03.2013-ലെ മറുപടിയ്ക്ക്

# ത്രിവേണി സ്റ്റോറുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) | അവശ്യ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് ഈ സർക്കാർ അധികാരമേറ്റ ശേഷം സഹകരണ വകുപ്പ് നടത്തിയ പദ്ധതികൾ വിശദമാക്കുമോ; | (എ) | ഗുണമേന്മയുള്ള എല്ലാവിധ നിത്യോപയോഗ സാധനങ്ങളും മിതമായ വിലയ്ക്ക് കൺസ്യൂമർഫെഡിന്റെ ത്രിവേണി സ്റ്റോറുകൾ, ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്നവയും കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്നവയുമായ നന്മ സ്റ്റോറുകൾ, ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പ്രാഥമിക സഹകരണ സംഘങ്ങൾ നടത്തുന്ന നീതി സ്റ്റോറുകൾ എന്നിവയിലൂടെ വിപണനം നടത്തുന്നതു വഴി സഹകരണ വകുപ്പിന് വലിയൊരളവു വരെ അവശ്യ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ ഗതാഗത സൗകര്യം കുറവായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് സഞ്ചരിക്കുന്ന ത്രിവേണി |

സ്റ്റോറുകളും ജലാശയങ്ങളുടെ തീരങ്ങളിൽ അധിവസിക്കുന്നവർക്ക വേണ്ടി ഫ്ലോട്ടിംഗ് ത്രിവേണികളും പുതുതായി ആരംഭിച്ചിട്ടുണ്ട്. ഇവയ്ക്ക് പുറമേ വിലക്കയറ്റത്തിന് കൂടുതൽ സാദ്ധ്യതയുള്ള ഉൽസവകാലങ്ങളിൽ സഹകരണ മേഖലയുടെ കൂട്ടായ്മയിലൂടെ പ്രത്യേക സബ്സിഡി വിപണനമേളകൾ നടത്തുന്നത് പൊതു വിപണിയിലെ വിലക്കയറ്റം തടയുന്നതിന് വലിയൊരളവുവരെ സഹായകമായിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർഫെഡിന്റെ കീഴിൽ പുതുതായി എത്ര ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചു; ഇപ്പോൾ എത്ര ത്രിവേണി സ്റ്റോറുകൾ നിലവിലുണ്ട് എന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കൺസ്യൂമർ ഫെഡിന്റെ കീഴിൽ പുതുതായി 72 ത്രിവേണി സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 242 ത്രിവേണി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) ത്രിവേണി സ്റ്റോറുകളുടെ ജില്ല തിരിച്ചുള്ള കണക്ക വ്യക്തമാക്കാമോ?

(സി)

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 25 |
| കൊല്ലം | 33 |
| ആലപ്പുഴ | 22 |
| പത്തനംതിട്ട | 14 |
| കോട്ടയം | 18 |
| ഇടുക്കി | 8 |
| എറണാകുളം | 27 |
| തൃശ്ശൂർ | 23 |
| പാലക്കാട് | 13 |

| | |
|---|---|
| മലപ്പുറം | 17 |
| കോഴിക്കോട് | 21 |
| വയനാട് | 3 |
| കണ്ണൂർ | 7 |
| കാസർഗോഡ് | 11 |
| ആകെ | 242 |

സെക്ഷൻ ഓഫീസർ